THURSDAY 12/09/2024 വ്യാഴാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA


Chief Editor: Nizam S A    Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 12/09/2024

1. വിള ഇൻഷുറൻസ് റാബി 2024 കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷുറൻസ് ഉപയോഗിച്ച്, വിളകളായ നെല്ലും പച്ചക്കറികളും (പടവലം. പാവൽ, പയർ, കുമ്പളം, മത്തൻ, വെള്ളരി, വെണ്ട, പച്ചമുളക്) കാലാവസ്ഥാ ദുരന്തങ്ങളിൽ നിന്ന് സംരക്ഷിക്കുക. സംസ്ഥാന സർക്കാർ ഓരോ വിളയുടെയും കാലാവസ്ഥാ അപകടസാധ്യതകൾ വിശദീകരിച്ചിട്ടുണ്ട്, തത്സമയ കാലാവസ്ഥാ ഡാറ്റയെ അടിസ്ഥാനമാക്കിയാണ് നഷ്ടപരിഹാരം. എന്തെങ്കിലും നഷ്ട മുണ്ടായാൽ 72 മണിക്കൂറിനുള്ളിൽ കൃഷിഭവനെയോ ഇൻഷുറൻസ് കമ്പനിയെയോ അറിയിക്കണം. രജിസ്ട്രേഷന് ആവശ്യമായ രേഖകൾ: ആധാർ കാർഡ്, ബാങ്ക് പാസ്ബുക്ക്, ഭൂനികുതി രസീത്, പാട്ടകരാർ (പാട്ടത്തിനാണ് കൃഷി ചെയ്യുന്നതെങ്കിൽ).

2. കാർഷിക സർവ്വകലാശാല കാർഷിക കോളേജ് പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ വഴുതന, മുളക്, പുതിന, മുരിങ്ങ കട്ടിങ്സ് എന്നിവ ലഭ്യമാണ്. വില്പന സമയം രാവിലെ 9:00 മണി മുതൽ 4 മണി വരെയായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9188248481.

3. കൃഷിഭവനുകളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ കാർഷിക രംഗത്തെപ്പറ്റി മനസ്സിലാക്കുവാനും ക്രോപ്പ് പ്ലാനിംഗ് & കൾട്ടിവേഷൻ, മാർക്കറ്റിംഗ്, എക്സ്റ്റൻഷൻ, അഡ്മിനിസ്ട്രേഷൻ, അനുബന്ധ മേഖലകൾ എന്നിവയിൽ പ്രായോഗിക പരിശീലനം നേടുവാനും അവസരം ഒരുക്കുന്ന ഇൻറേൺഷിപ് പദ്ധതിയിലേക്ക് കേരള സർക്കാർ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചിരിക്കുന്നു. യോഗ്യത- വി.എച്ച്.എസ്.ഇ (അഗ്രി), കൃഷി ശാസ്ത്രത്തിൽ /ജൈവ കൃഷിയിൽ ഡിപ്ലോമ. പ്രായം - 01/08/2024 ൽ 18 മുതൽ 41 വയസ്സു വരെ. തെരെഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 5000 രൂപ പ്രോത്സാഹനമായി നൽകുന്നതാണ്. പരമാവധി ആറു മാസം (180 ദിവസം) ആയിരിക്കും

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഇന്റേൺഷിപ്പിന്റെ കാലാവധി. താല്പര്യമുള്ള നിശ്ചിത യോഗ്യതയുള്ളവർ (www.keralaagriculture.gov.in) (വെബ് സൈറ്റിൽ 13/09/2024 വരെ ഓൺലൈനായും നേരിട്ടും അപേക്ഷകൾ സമർപ്പിക്കാവുന്നാണ്. അപേക്ഷ ഫോറം വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് യോഗ്യത തെളിയിക്കുന്ന രേഖകൾ സഹിതം ഇന്റർവ്യൂ വേളയിൽ സമർപ്പിക്കേണ്ടതാണ്. തെരെഞ്ഞെടുക്കപ്പെടുന്നവർ കൃഷിഭവനുകളിലാണ് നിയോഗിക്കപ്പെടുന്നത്. വിജയകരമായി ഇൻറേൺഷിപ് പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതായിരിക്കും. പ്രവൃത്തി പരിചയ സാക്ഷ്യ പത്രമായി ഇത് ഉപയോഗിക്കാവുന്നതാണെന്ന് തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

4. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തവനൂർ കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എൻജിനീയറിങ് ആൻഡ് ഫുഡ് ടെക്നോളജിയിലെ ബിടെക്. അഗ്രികൾച്ചർ എൻജിനീയറിങ് കോഴ്സിൽ നിലവിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്ത സീറ്റുകളിലേക്കും ബി ടെക് ഫുഡ് ടെക്നോളജിയിൽ പ്രതീക്ഷിക്കുന്ന ഒഴിവിലേക്കും സ്പോട്ട് അഡ്മിഷൻ നടത്താൻ തീരുമാനിച്ചിരിക്കുന്നു. KEAM റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലും കമ്മ്യൂണിറ്റി റിസർവേഷൻ പാലിച്ചുകൊണ്ടുമായിരിക്കും അഡ്മിഷൻ നടത്തുക. താല്പര്യമുള്ള വിദ്യാർത്ഥികൾ എല്ലാ രേഖകളും സഹിതം മലപ്പുറം ജില്ലയിലെ തവനൂർ കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എൻജിനീയറിങ് ആൻഡ് ഫുഡ് ടെക്നോളജിയിൽ 13.09.2024 വെള്ളിയാഴ്ച രാവിലെ 12 മണിക്ക് മുമ്പായി ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് കോളേജിന്റെയും യൂണിവേഴ്സിറ്റിയുടെയും വെബ്സൈറ്റുകൾ പരിശോധിക്കേണ്ടതാണ് (www.kau.in,www.kcaet.kau.in)

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് സർവകലാശാലയ്ക്കു കീഴിൽ, വിവിധ ജില്ലകളിൽ (തിരുവനന്തപുരം, ഇടുക്കി, വയനാട്) സ്ഥിതി ചെയ്യുന്ന ഡെയറി സയൻസ് കോളേജുകളിലും, വി.കെ.ഐ.ഡി.എഫ്.ടി. മണ്ണുത്തിയിലും (തൃശൂർ) നടത്തിവരുന്ന ബി.ടെക് (ഡെയറി/ഫുഡ്ടെക്നോളജി) കോഴ്സുകളിലേക്ക് ഉള്ള 2024-25 അക്കാദമിക് വർഷത്തെ സ്പോട്ട് അഡ്മിഷൻ 13.09.2024ന് രാവിലെ 10.30-ന് പൂക്കോട് ക്യാമ്പസ്സിലെ സർവകലാശാല ആസ്ഥാനത്ത് വച്ച് നടത്തപ്പെടുന്നു. പ്രവേശനത്തിനായി നിശ്ചിത യോഗ്യത ഉള്ള വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റുകളുടെയും അനുബന്ധരേഖകളുടെയും ഒറിജിനലും പകർപ്പുമായി, കീം (KEAM) അനുബന്ധരേഖകൾ സഹിതം, 13.09.2024 രാവിലെ 10.30 മണിക്ക് മുൻപായി പൂക്കോട് ക്യാമ്പസ്സിലെ സർവകലാശാല ആസ്ഥാനത്ത് എത്തിച്ചേരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.kvasu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് ഫോൺനമ്പർ 04936 209272, 209270, 209269.

### പരിശീലന പരിപാടി

6. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീരപരിശീലന കേന്ദ്രത്തിൽ വെച്ച് 23.09.2024 മുതൽ 27.09.2024 വരെയുള്ള തീയതികളിലായി കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരകർഷകർക്ക് 'ശാസ്ത്രീയമായ പശുപരിപാലനം' എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തപ്പെടുന്നു. രജിസ്ട്രേഷൻ ഫീസ് 20രൂപ. ആധാർ കാർഡിന്റെയും ബാങ്ക് പാസ്സ്ബുക്കിൻ്റെയും പകർപ്പുകൾ പരിശീലന സമയത്ത് ഹാജരാക്കുന്നവർക്ക് ദിനബത്ത, യാത്രാബത്ത എന്നിവ ലഭിക്കുന്നതാണ്. പരിശീലനത്തിന് താത്പര്യമുള്ളവർ 20.09.2024ന് വൈകുന്നേരം 5 മണിക്ക് മുൻപായി 0495-2414579, 9645922324 എന്നീ ഫോൺ നമ്പറുകൾ മുഖാന്തരമോ നേരിട്ടോ പേര്

രജിസ്റ്റർ ചെയ്യേണ്ടതാണ്.പരിശീലനത്തിന് പങ്കെടുക്കുന്നതിനുള്ള അവസരം കൺഫർമേഷൻ ലഭിക്കുന്നവർക്ക് മാത്രം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം